# മാർത്തോമ്മാ യുവജനസഖ്യം
# യുവജന ഞായർ
## 2018 ഒക്ടോബർ 21

## ആരാധനക്രമം

*(മെത്രാപ്പോലീത്താ തിരുമേനിയുടെ അംഗീകാരത്തോടെ)*
പരസ്യാരാധനക്രമവുമായി ചേർന്ന് ഈ ക്രമം ഉപയോഗിക്കണം.

### ആരാധനാഹ്വാനം

"യഹോവയ്ക്ക് ഒരു പുതിയ പാട്ടുപാടുവീൻ; സകല ഭൂവാസികളുമായുള്ളോരേ യഹോവയ്ക്ക് പാടുവിൻ. യഹോവയ്ക്കു പാടി അവന്റെ നാമത്തെ വാഴ്ത്തുവിൻ; നാൾതോറും അവന്റെ രക്ഷയെ പ്രസിദ്ധമാക്കുവിൻ" (സങ്കീ. 96:1-2).

**പാട്ട്**

**കൗമാ**

**അപേക്ഷ -** ദൈവമായ കർത്താവേ... (പരസ്യാരാധനക്രമം പുറം 4)

**പ്രാരംഭ പ്രാർത്ഥന**

ലീഡർ : സകലത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായ ദൈവമേ, തന്റെ ജനത്തിന്റെ വേദനയുടെയും നിലവിളിയുടേയും മദ്ധ്യേ അവയെ വീണ്ടെടുക്കുന്ന കരുണയ്ക്കായി നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. സ്നേഹവാനായ ദൈവമേ, സ്നേഹവും സന്തോഷവും സമാധാനവും ഞങ്ങൾക്ക് നല്കേണമേ. മനസ്സലിവുള്ള കർത്താവേ, ആർദ്രതയും ദയയും ഞങ്ങളിൽ വിളങ്ങേണമേ. ദൈവമായ കർത്താവേ, നന്മയെ തിരിച്ചറിയുന്നതിനും അതിനെ പിൻപറ്റുന്നതിനുമുള്ള വിവേകവും ധൈര്യവും ഞങ്ങൾക്കു നല്കണമേ. വിശക്കുന്നവന് അപ്പമാകുവാനും, മനം തകർന്നവർക്ക് സാന്ത്വനമാകുവാനും അനാഥർക്ക് ആശ്രയമാകുവാനും ഞങ്ങളെ ശക്തീകരിക്കണമേ. യേശുനാഥാ, നിന്നെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നതിന് ഓരോ യുവതീയുവാക്കളെയും സജ്ജരാക്കുവാനും പരിശുദ്ധാത്മാവിന്റെ ആലോചനപ്രകാരം ജീവിക്കുവാനും ഞങ്ങളെ സഹായിക്കേണമേ.

ജനം : *ആമേൻ.*

**അനുതാപ പ്രാർത്ഥന**

നമ്മുടെ കുറവുകൾ നമുക്ക് ഏറ്റ് പറയാം... നമ്മുടെ ഹൃദയങ്ങളെശോധന ചെയ്യാം... ആത്മ സ്നേഹിതാ... പ്രിയ യേശുവേ... ഞങ്ങൾ വിളിയും നിയോഗവും തിരിച്ചറിഞ്ഞവർ... എന്നാൽ ഞങ്ങളുടെ ജീവിതം സ്വാർത്ഥതയുടെ സ്വകാര്യ ഇടങ്ങളാണ്. പ്രതികരണം വിശ്വാസത്തിൽ നിന്നന്യമാണ്... സൃഷ്ടിയുടെ നിലവിളിക്കു മുന്നിൽ മരവിച്ചവരാണ്... നീതിയ്ക്കായുള്ള തേങ്ങലുകളിൽ ഞങ്ങൾ നിസംഗരാണ്... സദ്ഭാവനയും ഹൃദയ നൊമ്പരങ്ങളും നഷ്ടപ്പെട്ടവരാണ്... ഇരുളിന്റെ പാതയിൽ നടന്നവരാണ്... ദൈവരാജ്യത്തിന്റെ പ്രതീക്ഷകളിൽ മങ്ങലേറ്റവരാണ്. നമ്മുടെ ദൗത്യ പാതയിലെ കുറവുകൾ... വീഴ്ചകൾ എന്നിവയെ

ഓർക്കാം. സാക്ഷ്യത്തിലെ വികലതകൾ പൊറുക്കേണമേ എന്ന് പ്രാർത്ഥിക്കാം.

ദിനം ദിനം ഞാൻ ദൈവമേ
മറന്നുപോയ് നിൻ ദാനങ്ങൾ
സ്വാശ്രയത്തിൽ നിഗളിയായ്
സ്നേഹവാനേ ക്ഷമിക്കണേ
വിനയമുള്ളൊരു ഹൃദയമെന്നിൽ
മെനഞ്ഞീടേണമേ ദൈവമേ
അനുദിനം തവ ഭാവമെന്നിൻ
വിളങ്ങീടാൻ കൃപയേകിടൂ

*('ആത്മ സ്നേഹിതാ ഞങ്ങളോടു ക്ഷമിക്കേണമേ' എന്ന് പ്രതിവാക്യമായി പറയാം.)*

ലീഡർ : ആരാധന, പഠനം, സാക്ഷ്യം, സേവനം എന്നീ ജീവിത നിയോഗങ്ങളിൽ വീഴ്ച വരുത്തിയ കുറവിനെ....

ജനം : *ആത്മസ്നേഹിതാ ഞങ്ങളോടു ക്ഷമിക്കേണമേ.*

ലീഡർ : കാലഘട്ടത്തെ തിരിച്ചറിയാതെയും വർത്തമാനകാല യാഥാർത്ഥ്യങ്ങളെ അവഗണിച്ചും സകല സൃഷ്ടിയുടെയും കാവൽക്കാരെന്ന നിയോഗം മറന്ന് സ്വാർത്ഥരായി മാറിയ കുറവിനെ...

ജനം : *ആത്മസ്നേഹിതാ ഞങ്ങളോടു ക്ഷമിക്കേണമേ*

ലീഡർ : ക്രൂശ് സകലരുടെയും രക്ഷയുടെ അടയാളമായിരുന്നിട്ടും അതിനെ ഒരു മതചിഹ്നമാക്കി ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും വിശാല പാഠങ്ങൾ മറന്ന് വർഗീയതയുടെ വിഷം പേറുന്നവരുടെ വഴികൾക്ക് പ്രതിരോധം തീർക്കാതെ പോയ നിസ്സംഗതയെ....

ജനം : *ആത്മ സ്നേഹിതാ ഞങ്ങളോടു ക്ഷമിക്കേണമേ.*

ലീഡർ : സഖ്യം കൂടിവരവുകൾക്കും പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകാതെ വിവേചനമില്ലാത്ത ഫോൺ ഉപയോഗത്തിന് ആസക്തരായി ക്രിസ്തു സാന്നിദ്ധ്യത്തെ തിരിച്ചറിയാതെ, ദൈവവചനവായനയിലും ധ്യാന ത്തിലും പ്രാർത്ഥനയിലും വരുത്തിയ വീഴ്ചകളെ....

ജനം : *ആത്മ സ്നേഹിതാ ഞങ്ങളോടു ക്ഷമിക്കേണമേ.*

ലീഡർ : ധാരാളിത്തത്തിന്റെയും ആർഭാടത്തിന്റെയും ജീവിത വഴിയിൽ സഞ്ച രിച്ച് ദരിദ്രരെയും വിശക്കുന്നവരെയും അവഗണിച്ച് കരുണയുള്ള നസറായന്റെ പാതയെ മറന്നുപോയ ഞങ്ങളുടെ പാപത്തെ...

ജനം : *ആത്മ സ്നേഹിതാ ഞങ്ങളോടു ക്ഷമിക്കേണമേ.*

**മാർ ബാലായുടെ അപേക്ഷ** (പരസ്യാരാധനക്രമം പുറം 10)

**ഹാലേലുയ്യാ... ഹാലേലുയ്യാ... ഹാലേലുയ്യാ** (പരസ്യാരാധനക്രമം പുറം 11)

**കന്യകമറിയാമിന്റെ പാട്ട്** (പരസ്യാരാധനക്രമം പുറം 11)

**സ്തോത്ര പ്രാർത്ഥന**

"യഹോവയെ സ്തുതിപ്പിൻ: യഹോവയ്ക്കു സ്തോത്രം ചെയ്‌വിൻ; അവൻ *നല്ലവനല്ലോ; അവന്റെ ദയ എന്നേയ്ക്കുമുള്ളത്" (സങ്കീ. 106:1).*

*("ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു" എന്ന് പ്രതിവാക്യമായി പറയണം.)*

ലീഡർ : ആകുലതകളുയരുന്ന ജീവിത പശ്ചാത്തലത്തിൽ ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്' എന്ന് നമ്മെ നിരന്തരം ധൈര്യപ്പെടുത്തുന്ന ദൈവീക സാന്നിദ്ധ്യത്തിനായി....

ജനം : *ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു."*

ലീഡർ : മനുഷ്യത്വം മരവിക്കുന്ന ലോകത്തിൽ 'മറ്റൊരു ലോകം സാധ്യമാണ്' എന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്നവർക്കായും ദൈവവചനത്തിലൂടെ പകരപ്പെടുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്ന ദർശന ത്തിനായും...

ജനം : *ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.*

ലീഡർ : യൗവ്വനത്തിന്റെ അർത്ഥവും സ്വത്വവും തിരിച്ചറിയുന്നതിന് മാർത്തോമ്മാ യുവജനസഖ്യത്തിലൂടെ ഞങ്ങൾക്ക് ലഭിക്കുന്ന അവസരത്തിനായി....

ജനം : *ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു."*

**സാരാംശത്തിൽ ഏകമായിരിക്കുന്ന** (പരസ്യാരാധന ക്രമം പുറം 12)
**113, 117– മസുമൂറുകൾ** (പരസ്യാരാധന ക്രമം പുറം 16)
**മദ്ധ്യസ്ഥ പ്രാർത്ഥന**

"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" (ഫിലി. 4:6).

*(ഓരോ പ്രാർത്ഥനക്ക്കും ശേഷം **'ദൈവമേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു"** എന്ന് പ്രതിവാക്യമായി പറയണം.)*

ലീഡർ : നമ്മുടെ രാജ്യത്തിനായും അതിന്റെ വൈവിധ്യങ്ങൾക്കായും പ്രാർത്ഥിക്കാം. ബഹുസ്വരതയുടെ ദർശനങ്ങൾ കാത്തു സൂക്ഷിക്കുന്നവർ, ഭാരതത്തിന്റെ മതേതരത്വവും ജനാധിപത്യവും കാത്തുസൂക്ഷിക്കുന്നവർ എന്നിവർക്കായി അപേക്ഷിക്കാം.

ജനം : *ദൈവമേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.*

ലീഡർ : ജലപ്രളയത്തിന്റെ ദുരിതങ്ങൾ അനുഭവിക്കുന്നവരെ ഓർക്കാം. ഭവന രഹിതർ, തൊഴിൽ നഷ്ടമായവർ, അനുദിന ആവശ്യങ്ങളിൽ ബുദ്ധിമുട്ടനുഭവിക്കുന്നവർ, രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികൾ, വിവിധ സന്നദ്ധ സംഘടനകൾ, ഗവൺമെന്റ് ഉദ്യോഗസ്ഥർ എന്നിവർക്കായി...

ജനം : *ദൈവമേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.*

ലീഡർ : മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി, പദ്മഭൂഷൺ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി, അഭിവന്ദ്യരായ എപ്പിസ്കോപ്പാമാർ, പട്ടക്കാർ, സുവിശേഷകർ, സേവിനിമാർ, സന്നദ്ധ പ്രവർത്തകർ, ആത്മായ നേതാക്കൾ, വിശ്വാസ സമൂഹം എന്നിവർക്കായി...

ജനം : *ദൈവമേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.*

ലീഡർ : മേല്പട്ടത്വ ശുശ്രൂഷയിൽ 25 വർഷം പൂർത്തീകരിക്കുന്ന അഭിവന്ദ്യരായ ഡോ. ജോസഫ് മാർ ബർന്നബാസ്, തോമസ് മാർ തിമൊഥെയോസ്, ഡോ. ഐസക് മാർ ഫിലക്സിനോസ് എന്നീ എപ്പിസ്കോപ്പാമാർക്കായി...

ജനം : *ദൈവമേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.*

ലീഡർ : സംഘർഷഭരിതമായ ജീവിതസാഹചര്യങ്ങളുടെ മദ്ധ്യേ സേവന സന്നദ്ധതയോടും ത്യാഗത്തോടും പ്രവർത്തിക്കുന്ന യുവജനങ്ങൾക്കായും അവരിലൂടെ ലഭ്യമാകുന്ന പുതുദർശനങ്ങൾക്കായും....

ജനം : *ദൈവമേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.*

ലീഡർ : അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവരെ ഓർക്കാം. പ്രത്യേകിച്ച് അന്യസംസ്ഥാന തൊഴിലാളികൾ, നേഴ്സുമാർ എന്നിവർക്കായും...

ജനം : *ദൈവമേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.*

ലീഡർ : വചനാധിഷ്ഠിതവും ലോകാഭിമുഖവുമായി ജീവിക്കുന്നതിന് യുവജനങ്ങളെ സജ്ജമാക്കുവാൻ യത്നിക്കുന്ന സഖ്യം പ്രസിഡന്റ് അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് തിരുമേനി, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ട്രഷറാർ, അസിസ്റ്റന്റ് സെക്രട്ടറിമാർ, ജനറൽ കമ്മിറ്റി അംഗങ്ങൾ, ഓഫീസ് പ്രവർത്തകർ, ഭദ്രാസന, സെന്റർ, ശാഖാ പ്രവർത്തകർ എന്നിവർക്കായി...

ജനം : *ദൈവമേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.*

## സമർപ്പണ പ്രാർത്ഥന *(എല്ലാവരും ചേർന്ന്)*

കാരുണ്യവാനായ ഞങ്ങളുടെ കർത്താവേ, നിന്റെ സാക്ഷികളായി ഞങ്ങളെ സമർപ്പിക്കുന്നു. നിന്റെ സ്നേഹത്തിന്റെ കനൽവഴിയിലൂടെ നടന്ന്, ഞങ്ങളുടെ ദൗത്യം പൂർത്തീകരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ക്രിസ്തുവിന്റെ രൂപവും ഭാവവും നിറഞ്ഞവരായി സ്നേഹത്തിന്റെ സൗരഭ്യം പകരുവാൻ ഞങ്ങളെ ഇടയാക്കേണമേ. സത്യത്തിന്റെയും നീതിയുടേയും സമാധാനത്തിന്റെയും പാതയിൽ സഞ്ചരിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ജീർണ്ണതകൾ നിറഞ്ഞ ചുറ്റുപാടുകളിൽ ജീവന്റെ വാഹകരാകുവാൻ ഞങ്ങളെ ഇടയാക്കേണമേ. നവീകരണ ദർശനങ്ങൾക്കനുസൃതമായി നിന്റെ ഹൃദയപ്രകാരമുള്ള ജീവിതത്തിനായി ഞങ്ങളെ ശക്തീകരിക്കേണമേ. ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കും സഭയുടെ കെട്ടുപണിയ്ക്കും ലോകത്തിന്റെ പുതുക്കത്തിനും മുഖാന്തരമായ അർത്ഥവത്തായ ജീവിത ദർശനവും ജീവിതശൈലിയും ഞങ്ങൾക്കേകണമേ. കർത്താവിന്റെ നാമ മഹത്വത്തിനായി ജീവിപ്പാൻ ഞങ്ങളെ തിരുക്കരങ്ങളിൽ സമർപ്പിക്കുന്നു. ആമേൻ.

**ത്രിത്വത്തിനു സ്തുതി...** (പരസ്യാരാധനക്രമം പുറം 17)
**ഞങ്ങളുടെ കർത്താവായ (മോറോൻ) യേശു....** (പരസ്യാരാധന ക്രമം പുറം 21)

**പാഠം വായന**

1. **ഉല്പത്തി 39:1–23**
2. **എബ്രായർ 12:1–13**